# ST.AUGUSTINE HSS KUTTANELLUR

# SOCIAL SCIENCE - LIJOICE MASTER - 9544002958

## പാഠം -1 പീലിയുടെ ഗ്രാമം UNIT-1 Peele's Village

**1.നിങ്ങളുടെ വ്യക്തിഗത പ്രൊഫൈൽ തയാറാക്കുക? Create your personal profile?**

എന്റെ പേര് ലല്ലു. My name is Lallu. ഞാൻ തൃശ്ശൂർ ജില്ലയിലെ കുട്ടനെല്ലൂരിൽ താമസിക്കുന്നു. I live in kuttanellur in Thrissur district. എന്റെ വീട്ടിൽ അച്ഛനും അമ്മയും ഒരു ചേച്ചിയുമാണ് ഉള്ളത്. I have father, mother and one sister in my house. എന്റെ അച്ഛൻ കൃഷിക്കാരനാണ്. My father is a farmer. എന്റെ പ്രധാനപ്പെട്ട ഹോബി ചേച്ചിക്കൊപ്പം ചെസ്സ് കളിയാണ്. My important hobby is playing chess with my sister. ഒരു ഡോക്ടറാകണമെന്നാണ് എന്റെ ആഗ്രഹം. I want to become a doctor. നീനുവും വിക്കിയും അപ്പുവും എന്റെ കൂട്ടുകാരാണ്. Neenu, Vicky and Appu are my friends.

**2.യാത്രയ്ക്കൊരുങ്ങുമ്പോൾ എന്തൊക്കെയാണ് നിങ്ങളുടെ ആശങ്കകൾ ?**
**What are your concerns while preparing for the trip ?**

എന്റെ മാതാപിതാക്കളോടൊപ്പമല്ലാതെ ഞാനിതുവരെ യാത്രകൾ ചെയ്തിട്ടില്ല. I have never traveled except with my parents. ആയതിനാൽ ധാരാളം ആശങ്കകൾ എനിക്കുണ്ട്. So I have a lot of concerns. ഭക്ഷണവും ഉറക്കവുമൊക്കെ എങ്ങനെയായിരിക്കുമെന്നതാണ് അതിൽ പ്രധാനം. What matters is how the food and sleep will be. കൂടാതെ സ്ഥലം, അവിടെയുള്ള ആളുകൾ എങ്ങനെയുള്ളതായിരിക്കുമെന്നതും എന്നെ അസ്വസ്ഥനാക്കുന്നുണ്ട്. Also the place and the people there are disturbing to me. വണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ഛർദിക്കുമോയെന്നുള്ള പേടിയും എനിക്കുണ്ട്. I am also afraid of throwing up while traveling in the train.

**3.വരാൻ താമസിച്ചതിന് പീലിക്കുള്ള ' മറുപടിയായി എന്തായിരിക്കാം പറഞ്ഞിട്ടുണ്ടാവുക?**
**What excuse might they have given to Peeli for the delay?**

റോഡ് മോശമായതാണ് വൈകാൻ പ്രധാന കാരണം. The main reason for the delay was the bad road.കൂടാതെ ഗ്രാമത്തിലെ കാഴ്ചകൾ കണ്ട് ആസ്വദിച്ചതും വൈകാൻ കാരണമായി. and enjoying the sights in the village was also the reason for the delay.

**4.പീലിയുടെ ഗ്രാമത്തെക്കുറിച്ചുള്ള നിങ്ങളുടെ പ്രതീക്ഷകൾ എന്തൊക്കെയാണ്?**
**What are your expectations about Peeli's village?**

ചുറ്റും മലനിരകൾ, വയലുകൾ, അതിൽ പണിയെടുക്കുന്ന കർഷകർ, വയലിനോട് ചേർന്നു നിൽക്കുന്ന തെങ്ങിൻ തോപ്പുകൾ, ഹരിതാഭ നിറഞ്ഞ വൃക്ഷലതാദികൾ ചെമ്മൺപാത, പാറി നടക്കുന്ന പക്ഷികൾ, ഇടവിട്ട് വീടുകൾ. Surrounded by hills, fields, farmers working in them, coconut groves adjacent to the fields, lush green trees, mud road, birds flying around, houses at intervals

**5.കൃഷിക്കാരനെ ഇൻറർവ്യൂ ചെയ്യുമ്പോൾ ചോദിക്കാവുന്ന ചോദ്യങ്ങൾ ?**
**Questions to ask while interviewing the farmer?**

ഏതൊക്കെ കാർഷിക വിളകൾ കൃഷി ചെയ്യുന്നു? What agricultural crops are cultivated?ഉത്പാദനം എത്രത്തോളം ലഭിക്കുന്നുണ്ട്? How productive is it? പരമ്പരാഗത രീതിയിൽ തന്നെയാണോ ഇപ്പോഴും കൃഷി ചെയ്യുന്നത്.? Is farming still done in the traditional way? ജൈവകൃഷി രീതിയാണോ അവലംബിക്കുന്നത് ? Are organic farming methods adopted?

LIJOICE MASTER

6.നമ്മുടെ വീടിന്റെ പരിസരത്തു നിന്നും ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗിച്ച് ഭക്ഷ്യവിഭവം ഉണ്ടാക്കുവാൻ ലഭ്യമായ വിഭവങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക? Prepare a list of available resources to make food using the resources available from around our house?

കപ്പ- Manioc, ചേന-Yam, ചേമ്പ്- Elephant Yam,കാച്ചിൽ-Yautia, പയർ -String beans,ചീര- Amaranth, ചക്ക- Jackfruit, വെണ്ടയ്ക്ക- Ladies fnger കോവയ്ക്ക- Ivy gourd,പാവയ്ക്ക- Bitter gourd,മാങ്ങ- mango മത്തങ്ങ- Pumpkin, വാഴക്കുല- Banana.

7.ഒരേ നഗരത്തെപ്പറ്റി എന്തുകൊണ്ടാവാം അപ്പുവും വിക്കിയും രണ്ടുതരത്തിലുള്ള അഭിപ്രായങ്ങൾ പറഞ്ഞത്? Why did Appu and Vicky give two different opinions about the same city?

വിക്കിയും അപ്പുവും ഒരേ നഗരത്തിലാണ് താമസമെങ്കിലും അവരുടെ ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്. തികച്ചും സമ്പന്നമായ സാഹചര്യത്തിൽ കഴിയുന്ന വിക്കിക്ക് ആധുനികമായ എല്ലാ സുഖസൗകര്യങ്ങളും മാതാപിതാക്കൾ നൽകിയിട്ടുണ്ട്. Vicky and Appu live in the same city but their living conditions are different. Living in a quite affluent situation, Vicky's parents have provided all the modern comforts.എന്നാൽ അതേ നഗരത്തിലെ ഒരു ചേരിയിൽ മതിയായ ജീവിതസൗകര്യങ്ങളില്ലാതെ മലിനമാക്കപ്പെട്ട ഒരു പരിസരത്തിലാണ് അപ്പുവിന്റെ ജീവിതം'. But Appu's life is in a polluted environment in a slum in the same city without adequate living facilities.അതുകൊണ്ടാണ് വൃത്തിയുള്ളതും ആൾത്തിരക്കിന്റെ ബഹളങ്ങളില്ലാത്തതുമായ ഗ്രാമത്തിന്റെ ഭംഗിയിൽ അപ്പുവിന് കൂടുതൽ താല്പര്യം ഉണ്ടായതും, നഗരത്തെക്കുറിച്ച് വിക്കിയിൽ നിന്നും വ്യത്യസ്തമായ ഒരു അഭിപ്രായം പ്രകടിപ്പിച്ചതും. That is why Appu is more interested in the beauty of the clean and uncrowded village and has a different opinion about the city than Vicky.

8.നാട്ടുചന്തകളുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പെഴുതുക? 8.Write a note on the importance of local markets?

ഗ്രാമപ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പ്രാദേശിക വസ്തുക്കൾ വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പൊതുവായ ഇടമാണ് ചന്തകൾ.Local markets are common places for selling and buying local products produced in rural areas.ആഴ്ചയിൽ ഒരിക്കലോ, എല്ലാദിവസവും വൈകുന്നേരങ്ങളിൽ മാത്രമായോ വ്യത്യസ്തമായ സമയക്രമങ്ങളിൽ ചന്തകൾ പ്രവർത്തിക്കാറുണ്ട്. It operate at different timings, once a week or every day only in the evening.

ഉൽപാദകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഉപഭോക്താവിന് ലഭ്യമാകുന്നു എന്നതാണ് ചന്തകളുടെ പ്രത്യേകത. Markets are characterized by the fact that products brought by producers are directly available to consumers without intermediariesഅതുകൊണ്ടുതന്നെ ഉത്പന്നങ്ങൾ ന്യായമായ വിലയിൽ ലഭ്യമാകുന്നു. Therefore, the products are available at a reasonable price.അതിലുപരി നാട്ടിലെ ആളുകൾ തമ്മിൽ നല്ലൊരു ബന്ധം പുലർത്തി പോരുന്നതിനുള്ള ഇടം കൂടിയായി ചന്തകൾ മാറുന്നു. Moreover, the markets become a place to have a good relationship between the people in a village.

9.പീലിയുടെ ഗ്രാമത്തിലെ കാഴ്ചകൾ നിങ്ങളെ എങ്ങനെയൊക്കെ സ്വാധീനിച്ചു എന്ന് വ്യക്തമാക്കുക? Write how the peeli's village influenced you?

പീലിയുടെ ഗ്രാമത്തിന്റെ മനോഹാരിതയാണ് എന്നെ സ്വാധീനിച്ചത് .പച്ചപ്പ് നിറഞ്ഞ വലിയ മലനിരകൾക്ക് താഴെ വയലോലകളും തെങ്ങിൻതോപ്പുകളും കൊണ്ട്

LIJOICE MASTER

**സമൃദ്ധമായ ഒരു ഗ്രാമം.** I was impressed by the beauty of the village of Peeli, a village lush with fields and coconut groves under huge green hills.

**കൂടെ ഒരു പുഴയും വലിയൊരു കുളവും. ആ ഗ്രാമക്കാർക്ക് വേണ്ട വെള്ളവും വിളവുമെല്ലാം അവിടുത്തെ പ്രകൃതി അവർക്ക് നൽകുന്നുണ്ട്.** Along with a river and a big pond. Its nature provides the villagers with all the water and crops they need.**ഗ്രാമവാസികളെല്ലാം തന്നെ കർഷകരാണ്. അവർക്ക് ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ എല്ലാം തന്നെ അവർ സ്വന്തമായി ഉത്പാദിപ്പിക്കുന്നു.** All the villagers are farmers. They produce all the food they need on their own.**ആഴ്ച ചന്തകളിലൂടെ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും എല്ലാവരും പരസ്പരം നല്ല ബന്ധം പുലർത്തി പോരുകയും ചെയ്യുന്നു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന അവരുടെ ഉത്സവം ഏറെ സന്തോഷം നൽകുന്ന ഒന്നുകൂടിയാണ്.** They sell their products through weekly markets and everyone has good relations with each other. Their festival related to agriculture is another one that brings much joy.**പ്രകൃതിയെ മലിനമാക്കാതെ ജീവിക്കുന്ന ഒരു ജനവിഭാഗമാണ് പീലിയുടെ ഗ്രാമത്തിലുള്ളത്. ഇതൊക്കെയാണ് എന്നെ സ്വാധീനിച്ച പീലിയുടെ ഗ്രാമത്തിന്റെ സവിശേഷതകൾ.** In Peeli's village there is a people who live without polluting the nature. These are the characteristics of Peeli's village that influenced me.

**10.പീലിയുടെ ഗ്രാമത്തിലേക്കുള്ള യാത്രയിൽ നിങ്ങൾക്കുണ്ടായ പുതിയ അറിവുകൾ എന്തൊക്കെയാണ്?** What are the new pieces of information you gained during this journey?

**നാം ജീവിക്കുന്ന ചുറ്റുപാടിൽ നിന്നും വ്യത്യസ്തമായ ഒരുപാട് സാഹചര്യങ്ങളിലൂടെയാണ് നമ്മുടെ ഓരോ കൂട്ടുകാരും കടന്നു പോകുന്നത്.** Each of our friends goes through many situations that are different from the environment we live in. **നഗരജീവിതത്തിന്റെ തിരക്കും ബഹളങ്ങളൊന്നും ഇല്ലാത്ത ഒരു സ്വസ്ഥമായ ജീവിതമാണ് ഗ്രാമങ്ങളിലുള്ളത്.** A quiet life in the villages is free from the hustle and bustle of city life. Unlike in cities, **നഗരങ്ങളിൽ നിന്നും വ്യത്യസ്തമായി ഗ്രാമങ്ങളിൽ ആളുകൾ പരസ്പരം അടുത്തറിയുന്നവരും അവർക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ സ്വന്തം നിലയിൽ ഉൽപ്പാദിപ്പിക്കുന്നവരുമാണ്.** People in villages know each other closely and produce their own products. **ഒരു സാമൂഹ്യ ജീവിതത്തിൽ ഒത്തൊരുമിച്ച് മുൻപോട്ടു പോകുമ്പോൾ പരസ്പരം സഹായിച്ചും സഹകരിച്ചുമുള്ള ജീവിതമാണ് വേണ്ടത് എന്ന ചിന്ത ഉണ്ടാകുന്നതിന് ഈ യാത്ര സഹായിച്ചു.** This trip helped to develop the idea that while moving forward together in a social life, we need a life of helping and cooperating with each other. **കൂടാതെ ഭക്ഷണം, ആചാരങ്ങൾ, ഉത്സവങ്ങൾ, ജീവിതരീതികൾ എന്നിവയിൽ ഓരോ ദേശത്തും മനുഷ്യർ എത്ര വ്യത്യസ്തത പുലർത്തുന്നു എന്ന തിരിച്ചറിവ് ഈ**

LIJOICE MASTER

**യാത്രയിൽ ഉണ്ടായി.** Also, this trip made me realize how different people are in each land in terms of food, customs, festivals and lifestyles.

11.ഗ്രാമനഗര വ്യത്യാസങ്ങൾ വിവരിക്കുക? Describe the rural-urban differences?

| ഗ്രാമം Rural (Village) | നഗരം URBAN (City) |
|---|---|
| Villages have less population<br>ഗ്രാമങ്ങളിൽ ജനസംഖ്യ കുറവാണ്<br>The area of a villages is smaller<br>ഒരു ഗ്രാമത്തിന്റെ വിസ്തീർണ്ണം ചെറുതാണ്<br>Villages are peaceful and people tends to be more relaxed<br>ഗ്രാമങ്ങൾ സമാധാനപരമാണ്, ആളുകൾ കൂടുതൽ ശാന്തരായിരിക്കും<br>Villages generally have clean environment<br>ഗ്രാമങ്ങളിൽ പൊതുവെ ശുദ്ധമായ അന്തരീക്ഷമുണ്ട്<br>The cost of living is less in villages<br>ഗ്രാമങ്ങളിൽ ജീവിതച്ചെലവ് കുറവാണ് | Cities have larger population<br>നഗരങ്ങളിൽ വലിയ ജനസംഖ്യയുണ്ട്<br>Cities have more area<br>നഗരങ്ങൾക്ക് കൂടുതൽ വിസ്തീർണ്ണമുണ്ട്<br>City life is a busy life<br>നഗരജീവിതം തിരക്കുള്ള ജീവിതമാണ്<br>Cities are more polluted<br>നഗരങ്ങൾ കൂടുതൽ മലിനമാണ്<br>The cost of living is more in cities<br>നഗരങ്ങളിൽ ജീവിതച്ചെലവ് കൂടുതലാണ് |

LIJOICE MASTER